പതിനാലാം കേരളനിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം *118** 29/09/2016 -ൽ മറുപടിയ്ക്ക്

**പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീമതി.സി.കെ.ആശ<br>ശ്രീ.എൽദോ എബ്രഹാം | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) മുമ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്. 10.01.2013 ലെ സ.ഉ.(എംഎസ്) നം.08/2013/പൊവിവ പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് ഉത്തരവായെങ്കിലും തുടർനടപടികൾ ഉണ്ടായില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന ഇൻഷ്വറൻസ് പദ്ധതി പുനരാരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (സി) ഇതര സംസ്ഥാനങ്ങളിലെ പൊതുവിദ്യാലയങ്ങളിൽ ഇത്തരം ഒരു പദ്ധതി നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Sreeden

സെക്ഷൻ ഓഫീസർ